# മഹാത്മാഗാന്ധി സർവ്വകലാശാല

27129/വാഹന ലേലം-1/2022 30.04.2022

## പുനഃലേല പരസ്യം

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന വാഹനങ്ങൾ ഇപ്പോഴത്തെ നിലയിലും,അവസ്ഥയിലും സർവ്വകലാശാല ആസ്ഥാനത്ത് വച്ച് മുദ്ര വച്ച ദർഘാസ് / പരസ്യ ലേലം വ്യവസ്ഥയിൽ വിൽക്കുന്നതാണ്.

**ലേല സ്ഥലം : സർവ്വകലാശാല അസംബ്ലി ഹാൾ, 18/05/2022 രാവിലെ 11.30 മണി**

| ക്രമ നം | വാഹന നം | നിരത ദ്രവ്യം | വാഹന വിവരം | മറ്റ് വിവരങ്ങൾ |
|---|---|---|---|---|
| 1 | KL 05 T 9292 | 1500/- | അംബാസിഡർ<br>മോഡൽ : 2005<br>4 സിലിണ്ടർ<br>5 സീറ്റ് | ഇൻഷുറൻസ്,ടാക്സ് എന്നിവയുടെ കാലാവധി കഴിഞ്ഞു. |
| 2 | KL 05 AA 2623 | 1500/- | ടാറ്റ ഇൻഡിഗോ<br>മോഡൽ : 2009<br>4 സിലിണ്ടർ<br>5 സീറ്റ് | ഇൻഷുറൻസ് കാലാവധി കഴിഞ്ഞു.<br>ടാക്സ് : 30/10/2024 വരെ |

## ലേല വ്യവസ്ഥകൾ

1. ദർഘാസ് ഫാറം നികുതി ഉൾപ്പെടെ ₹500/-(അഞ്ഞൂറ് രൂപ)നിരക്കിൽ 16/05/2022 ഉച്ചക്ക് 1.00 മണി വരെ സർവ്വകലാശാല ഓഫിസിലെ എഡി ബി 5 സെക്ഷനിൽ നിന്നും കൈപ്പറ്റാവുന്നതാണ്.ഫാറത്തിന്റെ വില മടക്കി നൽകുന്നതല്ല.ദർഘാസ് ഫാറത്തിന്റെ വില സർവ്വകലാശാല ഇ-പേയ്മെന്റ് പോർട്ടൽ വഴി വേണം അടയ്ക്കുവാൻ(epay.mgu.ac.in).
2. രജിസ്റ്റേർഡ് തപാൽ വഴിയോ നേരിട്ടോ ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി 16/05/2022 വൈകിട്ട് 3.00 മണി.
3. ദർഘാസിനൊപ്പം അപേക്ഷകന്റെ തിരിച്ചറിയൽ രേഖയുടേയും (ആധാർ),ലൈസൻസിന്റെയും പകർപ്പ് വയ്ക്കേണ്ടതാണ്.
4. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി 1500/- രൂപ

Draft #13 of File 27129/AD B5/1/2019/AD B 5 Approved by ESTATE OFFICER ADMINISTRATION on 30-Apr-2022 03:03 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പണമായി ഒടുക്കേണ്ടതാണ്.

5. ദർഘാസ് സമർപ്പിക്കുന്നവരെ മാത്രമേ പരസ്യ ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളു.
6. ലേലത്തിന് ശേഷം മാത്രമേ ദർഘാസുകൾ തുറക്കുകയുള്ളു .
7. ദർഘാസിനോ പരസ്യ ലേലത്തിനോ ഏതിനാണോ കൂടുതൽ തുക കിട്ടുന്നത് ആ തുകയ്ക്ക് വിൽപ്പന സ്ഥിരപ്പെടുത്തുന്നതാണ്.
8. വാഹനവും മറ്റ് രേഖകളും മഹാത്മാഗാന്ധി സർവ്വകലാശാല ഓഫിസിൽ (എഡി.ബി5 സെക്ഷൻ) 16/05/2022 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 11.00 മണി മുതൽ ഉച്ചക്ക് 2.00 മണി വരെ പരിശോധിക്കാവുന്നതാണ്.
9. ഓരോ വാഹനത്തിനും പ്രത്യേകം നിരതദ്രവ്യം സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ തരുന്ന കവറിനു പുറത്തു വാഹന നമ്പർ എഴുതേണ്ടതാണ്.
10. ദർഘാസ് ഫാറം കൈമാറ്റം ചെയ്യുവാൻ അനുവദിക്കുന്നതല്ല.ലേലം/ദർഘാസ് ലഭിച്ച ആളിന്റെ പേരിൽ മാത്രമേ വാഹനം കൈമാറ്റം ചെയ്യുകയുള്ളൂ.
11. ലേലം / ദർഘാസ് ഉറപ്പിക്കുന്ന മുറയ്ക്ക് പിടിക്കുന്ന ആൾ ലേല സംഖ്യയുടെ 50% അപ്പോൾ തന്നെയും ബാക്കി തുകയും 18% ജി.എസ്.ടി യും ഏഴ് ദിവസത്തിനകം കെട്ടി വയ്ക്കേണ്ടതും വാഹനം സ്വന്തം പേരിലേക്ക് ആക്കുന്നതിലേക്കായി ജോയിന്റ് അപ്ലിക്കേഷൻ സമർപ്പിച്ച് വാഹനം ഏറ്റുവാങ്ങേണ്ടതുമാണ്.ബാക്കി തുക നിശ്ചിത സമയത്തിനുള്ളിൽ നൽകി വാഹനം ഏറ്റെടുക്കാതെ പക്ഷം ലേലം അസ്ഥിരപ്പെടുത്തുന്നതും അതുവരെ അടച്ച തുക സർവ്വകലാശാല ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതുമാണ്.
12. ലേലം / ദർഘാസിൽ ഒന്നും രണ്ടും സ്ഥാനക്കാരുടെ ഒഴികെ ബാക്കിയുള്ളവരുടെ നിരത ദ്രവ്യം തിരികെ നൽകുന്നതാണ്.
13. ഏതൊരു സാഹചര്യത്തിലും ലേലം / ദർഘാസ് നടപടികൾ നിർത്തി വയ്ക്കാൻ രജിസ്ട്രാർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
14. മതിയായ വില ലഭിക്കുന്നില്ലെങ്കിൽ പുനർ ലേലം പരിഗണിക്കുന്നതാണ്.

സജി എം കെ

**എസ്റ്റേറ്റ് ഓഫീസർ (ഭരണ വിഭാഗം)**

പ്രിയദർശിനി ഹിൽസ്
30.04.2022

Draft #13 of File 27129/AD B5/1/2019/AD B 5 Approved by ESTATE OFFICER ADMINISTRATION on 30-Apr-2022 03:03 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #13 of File 27129/AD B5/1/2019/AD B 5 Approved by ESTATE OFFICER ADMINISTRATION on 30-Apr-2022 03:03 PM - Page 3

# മഹാത്മാഗാന്ധി സർവ്വകലാശാല

## ദർഘാസ് ഫോറം

മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന വാഹനം/വാഹനങ്ങൾ ഇപ്പോഴത്തെ നിലയിലും അവസ്ഥയിലും വാങ്ങുന്നതിനു വേണ്ടി സർവ്വകലാശാല നിബന്ധനകൾക്ക് വിധേയമായി ഞാൻ രേഖപ്പെടുത്തുന്ന തുക.

**(ആവശ്യമുള്ള വാഹനത്തിനു മാത്രം തുക രേഖപ്പെടുത്തുക)**

| നം | വാഹന നം | രേഖപ്പെടുത്തിയ തുക അക്കത്തിൽ | രേഖപ്പെടുത്തിയ തുക അക്ഷരത്തിൽ | ഒപ്പ് |
|---|---|---|---|---|
| 1 | KL 05 T 9292 അംബാസിഡർ | | | |
| 2 | KL 05 AA 2623 ടാറ്റ ഇൻഡിഗോ | | | |

ലേല വ്യവസ്ഥകൾ ഞാൻ വായിച്ചു ബോധ്യപ്പെട്ടിട്ടുള്ളതും അത് പാലിച്ചുകൊണ്ട് ലേലത്തിൽ പങ്കെടുത്തുകൊള്ളാമെന്നും ഇതിനാൽ സമ്മതിച്ചു കൊള്ളുന്നു.

സ്ഥലം :

തീയതി :

ഒപ്പ് :

| |
|---|
| ദർഘാസ് സമർപ്പിക്കുന്ന ആളിന്റെ പേരും അഡ്രസ്സും |
| ...................................................... |
| ...................................................... |
| ...................................................... |
| ...................................................... |
| ഫോൺ നമ്പർ : |

നിരത ദ്രവ്യം ഒടുക്കിയ ചെല്ലാന്റെ വിവരങ്ങൾ

1.

2.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം